**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5874** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ സാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ സാധ്യത അനാവരണം ചെയ്യുന്നതിന് ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലൂടെ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വിജയകരമായി നടത്തി. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.<br><br>പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ജൈവവൈവിധ്യം, 3000 വർഷത്തെ പാരമ്പര്യം, ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം, സുഗന്ധവ്യഞ്ജനവിളകളുടെ ഉൽപ്പാദനത്തിലെ സവിശേഷ സ്ഥാനം തുടങ്ങിയ അനുകൂല ഘടകങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ നൂതനവും സുസ്ഥിരവുമായ |

| | | | |
|---|---|---|---|
| | | | വികസന സാധ്യതകൾ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയോടിയടനുബന്ധിച്ച് നടത്തിയ ചർച്ചയിൽ വിലയിരുത്തപ്പെട്ടു. ഗുണനിലവാരമില്ലായ്മ, കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവ്, കീടനാശിനികളുടെ അമിത ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, വിദഗ്ധതൊഴിലാളികളുടെ അഭാവം, ഉപഭോക്താക്കളുടെ മാറുന്ന താത്പര്യങ്ങൾ തുടങ്ങിയ വെല്ലുവിളികളും ചർച്ച ചെയ്യപ്പെട്ടു. ഇതിനോടൊപ്പം കർഷകരുടെ ഭാഗത്തുനിന്നു മികച്ച ഉദ്യമങ്ങൾ ഉണ്ടാകുന്നതിനനുസരിച്ച് ഭക്ഷ്യ സംസ്കരണരംഗം പ്രവർത്തിക്കേണ്ടതിന്റെയും വിതരണ ശൃംഖലയുടെ വിപുലീകരണത്തിന്റെയും പ്രധാന്യം ചർച്ചയിൽ ഉയർന്നു വന്നു.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നു. ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചക്കും സാമ്പത്തിക സുസ്ഥിരതക്കും ഉതകുന്ന നിർണായക ചുവടുവെയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. |
| (ബി) | പ്രസ്തുത ഉച്ചകോടിയുടെ ഭാഗമായി, ഈ രംഗത്ത് സംസ്ഥാനത്തെ അനുകൂല സാഹചര്യങ്ങളും നേരിടുന്ന വെല്ലുവിളികളും സംബന്ധിച്ച് സമഗ്രമായ ചർച്ച സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വിജയകരമായി നടത്തി. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് |

| | | | |
|---|---|---|---|
| | | | കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.<br><br>പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ജൈവവൈവിധ്യം, 3000 വർഷത്തെ പാരമ്പര്യം, ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം, സുഗന്ധവ്യഞ്ജനവിളകളുടെ ഉൽപ്പാദനത്തിലെ സവിശേഷ സ്ഥാനം തുടങ്ങിയ അനുകൂല ഘടകങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ നൂതനവും സുസ്ഥിരവുമായ വികസന സാധ്യതകൾ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയോടിയടനുബന്ധിച്ച് നടത്തിയ ചർച്ചയിൽ വിലയിരുത്തപ്പെട്ടു. ഗുണനിലവാരമില്ലായ്മ, കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവ്, കീടനാശിനികളുടെ അമിത ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, വിദഗ്ധതൊഴിലാളികളുടെ അഭാവം, ഉപഭോക്താക്കളുടെ മാറുന്ന താത്പര്യങ്ങൾ തുടങ്ങിയ വെല്ലുവിളികളും ചർച്ച ചെയ്യപ്പെട്ടു. ഇതിനോടൊപ്പം കർഷകരുടെ ഭാഗത്തുനിന്നു മികച്ച ഉദ്യമങ്ങൾ ഉണ്ടാകുന്നതിനനുസരിച്ച് ഭക്ഷ്യ സംസ്കരണരംഗം പ്രവർത്തിക്കേണ്ടതിന്റെയും വിതരണ ശൃംഖലയുടെ വിപുലീകരണത്തിന്റെയും പ്രധാന്യം ചർച്ചയിൽ ഉയർന്നു വന്നു.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നു. ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചക്കും സാമ്പത്തിക സുസ്ഥിരതക്കും ഉതകുന്ന നിർണായക ചുവടുവെയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. |
| (സി) | ആഗോള നിക്ഷേപകരെയും ആഭ്യന്തര നിക്ഷേപകരെയും ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് നിക്ഷേപം വർധിപ്പിക്കുന്നതിന് സഹായകമാണോ; വിശദമാക്കുമോ; | (സി) | കേരളത്തിന്റെ ഉത്തരവാദിത്ത വ്യാവസായിക വളർച്ചയ്ക്ക് കൂടുതൽ ഊർജ്ജവും ദിശാബോധവും ഉറപ്പാക്കി വ്യാവസായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് -2025, ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വിജയകരമായി നടത്തി. കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. |

| | | | |
|---|---|---|---|
| | | | വ്യാവസായിക വികസനത്തിനായി യുണൈറ്റഡ് കേരള എന്ന സന്ദേശം നൽകാൻ ഈ ഉച്ചകോടിക്ക് സാധിച്ചുവെന്നത് മാത്രമല്ല കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഇത് വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്.<br><br>പ്രകൃതി വിഭവങ്ങളുടെ ലഭ്യത, ജൈവവൈവിധ്യം, 3000 വർഷത്തെ പാരമ്പര്യം, ലോകമെമ്പാടുമുള്ള മലയാളി സാന്നിധ്യം, സുഗന്ധവ്യഞ്ജനവിളകളുടെ ഉൽപ്പാദനത്തിലെ സവിശേഷ സ്ഥാനം തുടങ്ങിയ അനുകൂല ഘടകങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യസംസ്കരണ മേഖലയിൽ മൂല്യവർദ്ധിത ഉൽപന്നങ്ങളിൽ നൂതനവും സുസ്ഥിരവുമായ വികസന സാധ്യതകൾ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയോടിയടനുബന്ധിച്ച് നടത്തിയ ചർച്ചയിൽ വിലയിരുത്തപ്പെട്ടു. ഗുണനിലവാരമില്ലായ്മ, കലർപ്പില്ലാത്ത ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവ്, കീടനാശിനികളുടെ അമിത ഉപയോഗം, കാലാവസ്ഥാ വ്യതിയാനം, വിദഗ്ധതൊഴിലാളികളുടെ അഭാവം, ഉപഭോക്താക്കളുടെ മാറുന്ന താത്പര്യങ്ങൾ തുടങ്ങിയ വെല്ലുവിളികളും ചർച്ച ചെയ്യപ്പെട്ടു. ഇതിനോടൊപ്പം കർഷകരുടെ ഭാഗത്തുനിന്നു മികച്ച ഉദ്യമങ്ങൾ ഉണ്ടാകുന്നതിനനുസരിച്ച് ഭക്ഷ്യ സംസ്കരണരംഗം പ്രവർത്തിക്കേണ്ടതിന്റെയും വിതരണ ശൃംഖലയുടെ വിപുലീകരണത്തിന്റെയും പ്രധാന്യം ചർച്ചയിൽ ഉയർന്നു വന്നു.<br><br>ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപ കേന്ദ്രമായി ഉയർത്തുന്നു. ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചക്കും സാമ്പത്തിക സുസ്ഥിരതക്കും ഉതകുന്ന നിർണായക ചുവടുവെയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. |
| (ഡി) | ഫുഡ്ടെക് വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ | (ഡി) | ഉണ്ട്; |

| | | | |
|---|---|---|---|
| | നയപരിപാടികൾക്ക് രൂപം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | | ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ ഭാഗമായി സർക്കാർ നടത്തിയ മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ലക്ഷ്യമിട്ട് സെക്ടറൽ കോൺക്ലേവുകൾ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസസ്സിംഗ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളോജി, ആയുർവേദ, ഫർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിംഗ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീറ്റെയ്ൽ, സ്റ്റാർട്ട് അപ്പ്, ഐ.ടി, മലബാർ കോൺക്ലേവ് മുതലായ കോൺക്ലേവുകൾ സംഘടിപ്പിക്കപ്പെട്ടു.<br><br>ഇതിനോടൊപ്പം സംസ്ഥാനത്തിന്റെ വികസന പദ്ധതികളുടെ നേട്ടങ്ങൾ എല്ലാവിഭാഗം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും അർഹരായ എല്ലാവർക്കും പദ്ധതികളുടെ ഗുണഫലങ്ങൾ ലഭ്യമാകുവാനും വ്യവസായ നയത്തിന് കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. സൺറൈസ് വ്യവസായങ്ങൾക്ക് ധാരാളം ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഫുഡ് ടെക്നോളജി എന്ന മേഖല സൺറൈസ് മേഖലകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, വ്യവസായ നയം 2023-ൽ ഉള്ള എല്ലാ ആനുകൂല്യങ്ങളും ഫുഡ് ടെക് വ്യവസായ സംരംഭങ്ങൾക്ക് ലഭിക്കുന്നതായിരിക്കും. സ്ഥിര മൂലധനത്തിന് 10 കോടി രൂപ വരെ 10% നിക്ഷേപ സബ്സിഡി, വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് (നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് അനാലിസിസ്, തുടങ്ങിയവ) സംരംഭങ്ങൾ ചിലവാക്കുന്ന തുകയുടെ 20%, പരമാവധി 25 ലക്ഷം രൂപ വരെ തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സംസ്ഥാനത്തെ സർക്കാരിന്റെ വ്യവസായ പാർക്കുകളിലും സർക്കാരിന്റെ അംഗീകാരമുള്ള പ്രൈവറ്റ് ഇൻഡസ്ട്രി പാർക്കുകളിലും രജിസ്ട്രേഷൻ ചാർജിൽ 100% ഇളവ് കൂടാതെ സംസ്ഥാനത്ത് എവിടെയും സ്ത്രീകൾ/പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടിയിലും |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ ചാർജിലും 100% ഇളവ്, എം.എസ്.എം.ഇ ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന GST വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ